അവലോകനം

സജിമോൻ ജോസഫ് വരകുകാലായിൽ



# കണ്ണീർക്കയത്തിലാഴ്ത്തുന്ന മാധ്യമങ്ങളും മുതലക്കണ്ണീർ പൊഴിക്കുന്ന രാഷ്ട്രീയ നേതൃത്വവും!

കഴിഞ്ഞ ഒരു മാസത്തിനുള്ളിൽ സംഭവിച്ച തേക്കടി, നെയ്യാർ ഡാം, അരീക്കോട് ദുരന്തങ്ങൾ മലയാളിയുടെ മനോഭാവത്തിൽ എന്തെങ്കിലും മാറ്റം വരുത്തിയോ? ചേതനയറ്റ ശരീരങ്ങളുടെ തത്സമയ പ്രക്ഷേപണങ്ങളിലൂടെ വർത്തകൾക്ക് എരിവും പുളിയും നൽകിയ മാധ്യമങ്ങൾ, ഇനി

**കേരളത്തിൻെറ ഗതാഗത രംഗം ഇന്ന് ഒരു കൊലക്കളമാണ്. കേരളാ പോലീസിൻെറ ഔദ്യോഗിക വെബ്സൈറ്റ് നൽകുന്ന വിവരമനുസരിച്ച്, ദൈവത്തിൻെറ സ്വന്തംനാടായ കേരളത്തിൽ റോഡപകടങ്ങളിൽ മാത്രം 2007 ൽ 3778 ജീവൻ പൊലിഞ്ഞു. 2008 ൽ അത് 3901 ആയി വർധിച്ചിരിക്കുകയാണ്. കേരളം യമൻെറ (കാലൻെറ) സ്വന്തം നാടായി മാറുന്ന ദൃശ്യം നാം അനുദിനം കണ്ടു കൊണ്ടിരിക്കുന്നു. ഇത് മരണമടഞ്ഞവരുടെ മാത്രം എണ്ണമാണ്.**



ആ ദുരന്ത സംഭവങ്ങളുടെ ഒന്നാം വാർഷികത്തിനായി കാത്തിരിക്കുകയാവാം. ഒരു മനുഷ്യജീവൻെറ വില മൂന്ന് ലക്ഷത്തിലും അഞ്ച് ലക്ഷത്തിലും തളച്ചിടുന്ന രാഷ്ട്രീയ ഭരണനേതൃത്വങ്ങൾ, മോഹനവാഗ്ദാനങ്ങൾക്കതീതമായി, എന്തെങ്കിലും പരിഹാര നടപടികൾ ഇതിനകം കൈക്കൊണ്ട് നടപ്പിലാക്കിയോ? കൈക്കൂലിയുടേയും കൊടുകാര്യസ്ഥതയുടേയും ചുവപ്പുനാടകൾക്കുള്ളിൽ നിന്നും കേരളത്തിൻെറ അടിസ്ഥാന സൗകര്യങ്ങളുടെ വികസന കാഴ്ചപ്പാടിന് എന്നെങ്കിലും മോചനം ഉണ്ടാകുമോ?

കേരളത്തിൻെറ ഗതാഗത രംഗം ഇന്ന് ഒരു കൊലക്കളമാണ്. കേരളാ പോലീസിൻെറ ഔദ്യോഗിക വെബ്സൈറ്റ് നൽകുന്ന വിവരമനുസരിച്ച്, ദൈവത്തിൻെറ സ്വന്തംനാടായ കേരളത്തിൽ റോഡപകടങ്ങളിൽ മാത്രം 2007 ൽ 3778 ജീവൻ പൊലിഞ്ഞു. 2008 ൽ അത് 3901 ആയി വർധിച്ചിരിക്കുകയാണ്. കേരളം യമൻെറ (കാലൻെറ) സ്വന്തം നാടായി മാറുന്ന ദൃശ്യം നാം അനുദിനം കണ്ടുകൊണ്ടിരിക്കുന്നു. ഇത് മരണമടഞ്ഞവരുടെ മാത്രം എണ്ണമാണ്.

ഇതിനു പുറമെ 2008 ൽ വാഹനാപകടങ്ങളിൽ മാത്രമായി, ഗുരുതരമായ പരുക്കേറ്റ് വിവിധതരം ശാരീരിക വൈകല്യങ്ങളാൽ ജീവിതം ദുരിതപൂർണമാക്കപ്പെട്ടവരുടെ എണ്ണം 43,857 ആണ്. ഈ അരലക്ഷത്തോളം വരുന്നവരിൽ ഭൂരിഭാഗം പേരും അന്യാഹിതങ്ങൾക്കുമുമ്പ് തങ്ങളുടെ കുടുംബങ്ങളുടെ അന്നദാതാക്കളായിരുന്നു. ശയ്യാവലംബരായോ, വികലാംഗപ്പെട്ടവരായോ ശിഷ്ടജീവിതം കഴിയേണ്ടിവരുന്ന ഇവരുടെ എണ്ണം മരണമടഞ്ഞവരുടെ എണ്ണത്തേക്കാൾ പത്തുമടങ്ങിലേറെയാണ്.

സുരക്ഷാ വീഴ്ചകൾ മൂലമുണ്ടാകുന്ന, അടിക്കടിയുള്ള ദുരന്തങ്ങൾ, കൂട്ടമരണങ്ങൾ, കൂട്ടക്കരച്ചിൽ, സ്തംഭിക്കുന്ന ജനജീവിതം, മനുഷ്യവികാരങ്ങൾക്ക് യാതൊരു പരിഗണനയും കൊടുക്കാതുള്ള തത്സമയ സംപ്രേക്ഷണങ്ങൾ, അതിവേഗം ബഹുദൂരം സഞ്ചരിച്ചെത്തുന്ന നേതാക്കളുടെ പ്രളയം (തേച്ചുമിനുക്കിയ ഖദർ വസ്ത്രങ്ങൾ ഉടയാതെ വടിപോലെ നിൽക്കണം പോലും) ജീവൻെറ വിലപ്രഖ്യാപനം, ഹർത്താൽ, അന്വേഷണ കമ്മീഷൻ, നെടുനീളൻ വാഗ്ദാനങ്ങൾ! എല്ലാവർക്കും തൃപ്തിയായി ഇനി അടുത്ത അത്യാഹിതത്തിനായി കാത്തിരിക്കാം. ഇതേ നാടകങ്ങൾ വീണ്ടും ആവർത്തിക്കപ്പെടും.

മലപ്പുറം ജില്ലയിലെ അരീക്കോട് ദുരന്തത്തിൽ തോണിയപകടത്തിൽ പൊലിഞ്ഞ ഏഴ് ആൺകുട്ടികളും ഒരു പെൺകുട്ടിയും ഹയർ സെക്കണ്ടറി തലത്തിലുള്ള വിദ്യാർഥികളായിരുന്നു വെള്ളം കുടിച്ച് മുങ്ങിമരിച്ച ഈ യൗവനങ്ങൾ, നമ്മുടെ വിദ്യാഭ്യാസ പദ്ധതിയുടെ സമഗ്രതയില്ലായ്മ വിളിച്ചോതുന്നു. പ്രൈമറി വിദ്യാഭ്യാസം ഓസ്ട്രേലിയയിൽ പൂർത്തിയാക്കിയ ഏതൊരു വിദ്യാർഥിയും നീന്തലിൽ പ്രാഥമിക പരിജ്ഞാനം നേടിയിരിക്കും. കാരണം എല്ലാവർഷവും രണ്ട് അഴ്ചത്തെ നീന്തൽ പരിശീലനം എല്ലാ പ്രൈമറി സ്കൂളുകളിലും പാഠ്യപദ്ധതിയുടെ ഭാഗമായി ഈ രാജ്യത്ത് കുട്ടികൾക്ക് നൽകിയിരിക്കും. നദികളും പുഴകളും നടനം പെയ്യുന്ന ദൈവത്തിൻെറ സ്വന്തം നാട്ടിൽ, 700 കിലോമീറ്ററോളം കടൽത്തീരമുള്ള തീരദേശ സംസ്ഥാനത്ത്, കാലവർഷവും കാലവർഷക്കെടുതിയും എല്ലാ വർഷവും പെയ്തിറങ്ങുന്ന നമ്മുടെ നാട്ടിൽ, വിദ്യാഭ്യാസത്തിനു പുറമെ, സ്പോട്സിനു മാത്രമായി ഒരു മന്ത്രിയുള്ള സാക്ഷര കേരളത്തിൽ, എത്രപേർക്ക് സ്വന്തം ജീവരക്ഷയ്ക്കുവേണ്ടിയെങ്കിലും 200 മീറ്റർ നീന്തുവാൻ അറിയാം?

ഒരു ജനാധിപത്യ വ്യവസ്ഥയിൽ, ജനങ്ങളുടെ ജീവനും സ്വത്തിനും സംരക്ഷണം നൽകുകയാണ് ഏതൊരു ഭരണകൂടത്തിൻെറയും പ്രഥമമായ ചുമതല. ശവസംസ്കാര ചടങ്ങുകളിൽ പങ്കാളികളാകുവാനും മൃതദേഹങ്ങളിൽ പുഷ്പചക്രമർപ്പിച്ച് ധാർമിക ഉത്തരവാദിത്വത്തിൻെറ പൊടിതട്ടിക്കളയുവാനല്ല, ശരിയായ നിയമ നിർമാണം നടത്തുവാനാണ് നിയമസഭാ സാമാജികരെ നാം തിരഞ്ഞെടുക്കുന്നത്. നിയമ നിർമാണം നടത്തുക മാത്രമല്ല അവ പ്രവർത്തിപഥങ്ങളിൽ കൊണ്ടുവരുവാനും ഭരണനേതൃത്വങ്ങളക്ക് ചുമതലയുണ്ട്. കേരളപ്പിറവിയുടെ അര നൂറ്റാണ്ട് കഴിഞ്ഞുപോയി. ഇവിടെ മനുഷ്യ ജീവന് പുല്ലുവില കൽപിക്കാത്ത രാഷ്ട്രീയ നേതൃത്വങ്ങളോ, അങ്ങനെ അല്ലായെങ്കിൽ, തങ്ങളുടെ ആശയങ്ങൾക്ക് പ്രായോഗികത നൽകുവാൻ സാധിക്കാതെ പോയ രാഷ്ട്രീയ ഭിക്ഷാടകരോ ഭരിച്ചുമുടിച്ച കേരളത്തിൻെറ ഭീഭത്സമായ ഗതാഗത സംവിധാനങ്ങൾക്കു നേർക്ക് കണ്ണടയ്ക്കുമ്പോൾ, നാം നമ്മുടെ തന്നെ മരണക്കെണി ഒരുക്കുന്നു എന്ന് ഓർക്കണം. ഒരു വർഷം 3901 മരണം എന്നു പറഞ്ഞാൽ പ്രതിദിനം 11 ജീവൻ. ആരുടെയോ അച്ഛനോ, അമ്മയോ, മകനോ, മകളോ, ഭരണ നേതൃത്വത്തിൻെറ അനാസ്ഥയാൽ, ഗതാഗത സംവിധാനങ്ങളുടെ അഭാവത്താൽ കേരള മണ്ണിൽ ഹോമിക്കപ്പെടുന്നു.

210 ലക്ഷം ജനങ്ങളുള്ള ഓസ്ട്രേലിയയിൽ 2008 വർഷത്തിൽ രജിസ്റ്റർ ചെയ്യപ്പെട്ടിരിക്കുന്ന മോട്ടോർ വാഹനങ്ങളുടെ എണ്ണം 153 ലക്ഷമാണ്. 2008 സാമ്പത്തികവർഷം 1512 വ്യക്തികളാണ് ഈ കംഗാരുവിൻെറ നാട്ടിൽ വാഹനാപകടത്തിൽ കൊല്ലപ്പെട്ടത്. എന്നു പറഞ്ഞാൽ ഒരു ലക്ഷം ജനങ്ങൾക്ക് 7.2 പേർ അഥവാ ഒരു ലക്ഷം വാഹനങ്ങൾക്ക് 10 മരണം എന്ന അനുപാതം. അതേസമയം 300 ലക്ഷം ജനങ്ങളുള്ള കേരള സംസ്ഥാനത്ത് 45 ലക്ഷം മോട്ടോർ വാഹനങ്ങളാണ് രജിസ്റ്റർ ചെയ്യപ്പെട്ടിരിക്കുന്നത്. കേരളത്തിലെ വാഹനാപകട മരണനിരക്കോ, ഒരു ലക്ഷം വാഹനങ്ങൾക്ക് 87 മരണം, അഥവാ ഒരു ലക്ഷം വ്യക്തികൾക്ക് 13 പേർ എന്ന ദയനീയ സ്ഥിതിയിൽ എത്തിനിൽക്കുന്നു. മോട്ടോർ വാഹനങ്ങളുടെ എണ്ണത്തിൽ അഭൂതപൂർവമായ വർധനവ് സംഭവിച്ചുകൊണ്ടിരിക്കുന്ന കേരളത്തിൽ, ഈ സ്ഥിതി നിർവിഘ്നം തുടർന്നാൽ ഈ കൊലക്കളത്തിലെ ഗതാഗത മരണ നിരക്ക് ഇനിയും കൂടുവാനേ സാധ്യതയുള്ളു. ഷോപ്പിംഗ് കോംപ്ലക്സുകളിലും ജില്ലതൾതോറുമുള്ള ഐ ടി പാർക്കുകളിലുമായി തളയ്ക്കപ്പെട്ടിരിക്കുന്ന മലയാളിയുടെ വികസന സങ്കൽപം അന്ധൻ ആനയെ കണ്ടതുപോലെയാണ്. ഓരോ സമൂഹവും ജീവന് നൽകുന്ന വിലയും പ്രാധാന്യവുമാണ് ആ സമൂഹത്തിൻെറ സംസ്കാരത്തിൻെറയും വികസനത്തിൻെറയും ഔന്നത്യം നിർണയിക്കുന്ന അളവുകോൽ.

ജനാധിപത്യത്തിൻെറ കാവൽഭടൻമാർ, അഥവാ ഫോർത്ത് എസ്റ്റേറ്റ് എന്നറിയപ്പെടുന്ന മാധ്യമങ്ങളുടെ കൃത്യവിലോപം ഭരണനേതൃത്വങ്ങളുടെ നിസംഗതയെക്കാൾ ഗൗരവമായി വീക്ഷിക്കേണ്ട വസ്തുതയാണ്. ദുരന്തങ്ങൾ, പെൺവാണിഭങ്ങൾ, ഹർത്താലുകൾ ഇവയെല്ലാം ഇന്ന് മാധ്യമങ്ങൾ സെൻസേഷണലൈസുചെയ്യുന്നു. എന്നാൽ ഈയാംപാറ്റകളുടെ ആയുർദൈർഘ്യമുള്ള വാർത്തകളായി മാറ്റപ്പെടുന്നു. ചാലിയാറിൻെറ അക്കരെ ഇക്കരെയെത്തുവാൻ എല്ലാദിവസവും പലതവണ, 20 പേർക്ക് മാത്രം കയറാവുന്ന തോണിയിൽ അതിലിരട്ടി വിദ്യാർഥികൾ ഒരേ സമയം കയറി, സ്വയം കയർ പിടിച്ചുവലിച്ച് പോകുന്ന അത്യന്തം ആപത്കരമായ കാഴ്ച ത്രിതല പഞ്ചായത്ത് നേതൃത്വത്തിൻെറയും മാധ്യമങ്ങളുടേയും ശ്രദ്ധയിൽപ്പെടാതെപോയത് എന്തുകൊണ്ട്? നെയ്യാർ ഡാമിൽ മുളക്കഷണങ്ങൾ ചേർത്തുണ്ടാക്കിയ കൊച്ചു ചങ്ങാടത്തിൽ കയറി, സമയത്തിന് സ്കൂളിലെത്താൻ ശ്രമിക്കുന്നതിനിടയിൽ, വെള്ളത്തിൽ വീണുമരിച്ച ഒൻപതു വയസുള്ള പിഞ്ചുബാലൻെറ വിറങ്ങലിച്ച ജഡത്തിൽ പുഷ്പചക്രം അർപ്പിക്കാൻ മുതലക്കണ്ണീരുമായി എത്തുന്ന രാഷ്ട്രീയ നേതൃത്വങ്ങളും സംഭവത്തിനുശേഷം അത് റിപ്പോർട്ട് ചെയ്യുവാൻ മാത്രം ക്യാമറയും തൂലികയും ചലിപ്പിക്കുന്ന മാധ്യമ റിപ്പോർട്ടർമാരും കേരളത്തിനു ശാപമാണ്.

അപകട സാധ്യതയുള്ള കടവുകളെക്കുറിച്ച് റിപ്പോർട്ട് ചെയ്യുവാൻ സാക്ഷര കേരളത്തിൽ ജില്ലാ കലക്ടർമാർക്കും ത്രിതല പഞ്ചായത്തുകൾക്കും ഒരാഴ്ചയിൽ കൂടുതൽ സമയം ആവശ്യമുണ്ടോ? ഒരന്വേഷണ കമ്മീഷനെക്കൂടി നിയമിക്കാതിരുന്നത് മലയാളിയുടെ ഭാഗ്യം? അപകട സാധ്യതയുള്ള കടവുകളിൽ നടപ്പാലങ്ങൾ പണിയും പോലും! അഴിമതിയിൽ മുങ്ങിയ പി ഡബ്ല്യുഡിയുടെ മേൽനോട്ടത്തിൽ പണിയപ്പെടുന്ന ടെണ്ടറിൻെറ 20–25 ശതമാനം കിമ്പളമായി നേതാക്കൾക്ക് കൊടുത്ത് ഉണ്ടാക്കേണ്ട ലാഭവും ഉണ്ടാക്കിയ ശേഷം സിമൻറും കമ്പിയും ആവശ്യത്തിന് ചേർക്കാതെ നിർമിക്കപ്പെടുന്ന നടപ്പാലങ്ങൾ ഒടിഞ്ഞുവീണ് നാം ഭാവിൽ കാണാൻ പോകുന്ന ദുരന്തങ്ങൾ ഇനിയെത്രയേറെ?

മലയാളത്തിൻെറ കാവ്യഗന്ധർവൻ വയലാർ രാമവർമ 1964 ൽ രചിച്ച 'പ്രൊക്രൂസ്റ്റസ്' ഇന്ന പ്രശസ്തമായ കവിതയിലെ ഏതാനും വരികൾ ഇവിടെ ആവർത്തിക്കട്ടെ.

പ്രത്യയശാസ്ത്രശതങ്ങളുരുക്കി,
പ്രകടന പത്രിക നീട്ടി,
ഇരുണ്ട ഗുഹകളിലിവിടെയൊരായിര-
മിരുമ്പു കട്ടിലു കൂട്ടി,
പ്രൊക്രൂസ്റ്റസുകൾ, രാഷ്ട്രീയക്കാർ,
നിൽക്കുകയാണീ നാട്ടിൽ!
പച്ചമനുഷ്യനെ വിളിച്ചിരുത്തി
പ്രശ്നശതങ്ങൾ നിരത്തി
പ്രത്യയശാസ്ത്രക്കട്ടിലിലിട്ടവർ
അട്ടഹസിപ്പൂ നാട്ടിൽ!
അവരുടെ കട്ടിലിനേക്കാൾ വലുതാ-
ണവൻെറയാത്മാവെങ്കിൽ
അരിഞ്ഞു ദൂരെത്തള്ളും കത്തി-
ക്കവൻെറ കൈയും കാലും!
അവരുടെ കട്ടിലിനേക്കാൾ ചെറുതാ-
ണവൻെറയാത്മാവെങ്കിൽ
വലിച്ചുനീട്ടും ചുറ്റിക കൊണ്ടവർ
അവൻെറ കൈയും കാലും!
കക്ഷിതിരിഞ്ഞവർ ഗുഹാമുഖങ്ങളിൽ
നിൽക്കുകയാണീ നാട്ടിൽ
ഉയർത്തെഴുന്നേറ്റുടവാളൂരി,
പ്രയത്നമുദ്രയുമായി,
തിരയുംമാനവ മനോരഥത്തിൽ,
തിസ്യുസെത്തുവതെന്നോ!

**ഒരു ജനാധിപത്യ വ്യവസ്ഥയിൽ, ജനങ്ങളുടെ ജീവനും സ്വത്തിനും സംരക്ഷണം നൽകുകയാണ് ഏതൊരു ഭരണകൂടത്തിൻെറയും പ്രഥമമായ ചുമതല. ശവസംസ്കാര ചടങ്ങുകളിൽ പങ്കാളികളാകുവാനും മൃതദേഹങ്ങളിൽ പുഷ്പചക്രമർപ്പിച്ച് ധാർമിക ഉത്തരവാദിത്വത്തിൻെറ പൊടിതട്ടിക്കളയുവാനല്ല, ശരിയായ നിയമ നിർമാണം നടത്തുവാനാണ് നിയമസഭാ സാമാജികരെ നാം തിരഞ്ഞെടുക്കുന്നത്. നിയമ നിർമാണം നടത്തുക മാത്രമല്ല അവ പ്രവർത്തിപഥങ്ങളിൽ കൊണ്ടുവരുവാനും ഭരണനേതൃത്വങ്ങളക്ക് ചുമതലയുണ്ട്.**

